നം. സി.ഇ.ഇ/4848/2013/KEAM-2014/റ്റി.എ.1


**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**


## <u>പത്രക്കുറിപ്പ്</u>

# കേരള പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷ - 2014

2014-15 അക്കാഡമിക് വർഷത്തിൽ സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന കേരള എഞ്ചിനിയറിംഗ് / മെഡിക്കൽ പ്രവേശന പരീക്ഷ (KEAM 2014) യുടെ അപേക്ഷയോടൊപ്പം ഇ-ഡിസ്ട്രിക്റ്റ് നടപ്പാക്കിയിട്ടുള്ള ജില്ലകളിലെ വില്ലേജ് ഓഫീസർമാരും, തഹസീൽദാർമാരും നൽകുന്ന ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ് എന്നിവയുടെ കമ്പ്യൂട്ടർ പ്രിന്റൗട്ട് സംവരണാനുകൂല്യത്തിനായി പരിഗണിക്കുന്നതാണ്. കേരളീയൻ എന്ന പരിഗണന ലഭിക്കുന്നതിന് കേരളത്തിലെ ജനനസ്ഥലം രേഖപ്പെടുത്തിയിട്ടുള്ള സർട്ടിഫിക്കറ്റ് ആവശ്യമാണ്. ആയതിനാൽ ജനനസർട്ടിഫിക്കറ്റ്, പാസ്പോർട്ട് തുടങ്ങി ജനനസ്ഥലം കാണിക്കുന്ന ഏതെങ്കിലും സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

തിരുവനന്തപുരം
13.01.2014

**പ്രവേശന പരീക്ഷാ കമ്മീഷണർ**